©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ആഗസ്റ്റ് 22
22nd August 2025
1201 ചിങ്ങം 6
6th Chingam 1201
1947 ശ്രാവണം 31
31st Sravana 1947

നമ്പർ
No.
3036

ഫോറം നമ്പർ 7
(ചട്ടം 18 (1) കാണുക)

11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

DCEKM/6439/2021/C6 **തീയതി :20.08.2025**

കേരള സർക്കാർ 27.07.2021 തീയതിയിലെ (സ.ഉ) (സാധാരണ) നമ്പർ 2471/2021(RD) വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് -30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം ജില്ലാ കളക്ടറുടെ 26/09/2021 തീയതിയിലെ സി6-6439/2021 നമ്പർ ഉത്തരവ് പ്രകാരം പൊന്നുംവില, തഹസിൽദാർ, നമ്പർ -3, കെ.ഐ.എ നെടുമ്പാശ്ശേരിയെ നിയമിച്ചിരിക്കുന്നതിനാലും ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അഡ്മിസ്ട്രേറ്റർ ആയി എറണാകുളം കളക്ട്രേറ്റ് (എൽ.എ) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും,ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് എറണാകുളം ജില്ലയിലെ കോട്ടുവള്ളി - ചെമ്മായം പാലം പുനർനിർമ്മാണത്തിനുള്ള അപ്രോച്ച് റോഡിനു വേണ്ടി ആവശ്യമുണ്ടായേക്കുമെന്ന് കേരള സർക്കാർ ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം, അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവകാശ ആക്ട് 11–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്ക് എടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ രേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയ്യതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണ് അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ, നമ്പർ –3, കെ.ഐ.എ നെടുമ്പാശ്ശേരി മുന്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമെന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ https://Ernakulam.nic.in ൽ ലഭ്യമായിട്ടുള്ളതാണ്.

പട്ടിക

ക്രമ നം.	സർവ്വെ നം.	ഇനം	വിസ്തീർണ്ണം	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥർ
1	348/6–4–2	നിലം	00.0005	കോട്ടുവള്ളി–ചെമ്മായം പാലം	പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട് ഭൂമിയിൽ താമസ വീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്	സ്റ്റാൻലി പീറ്റർ, S/o പീറ്റർ കെ.വി., കുരിശിങ്കൽ വീട്, സോണിയ വില്ലയിൽ, സൌത്ത് ചിറ്റൂർ പി.ഒ.
2	348/6	നിലം	00.0006	"	"	സ്റ്റാൻലി പീറ്റർ, S/o പീറ്റർ കെ.വി., മുതൽപേർ, കുരിശിങ്കൽ വീട്, സോണിയ വില്ലയിൽ, സൌത്ത് ചിറ്റൂർ പി.ഒ.
3	348/6 (part)	നിലം	00.0022	"	"	ടോണി എബ്രഹാം, കിഴക്കേതലയ്ക്കൽ വീട്, ലിങ്ക് മാനർ, QRS റോഡ്, കൊച്ചി
4	348/6–7 348/7B–2	പുരയിടം	00.0071	"	"	പോൾ മാത്യു (മാത്തപ്പൻ), S/o പൌലോസ്, വടശ്ശേരി, വള്ളുവള്ളിക്കര
5	348/7B	പുരയിടം	00.0122	"	"	രംഗനാഥൻ, S/o രാധാകൃഷ്ണൻ നായർ, പ്ലാക്കേട്ട് വീട്ടിൽ, വെട്ടുമേനിക്കര, ആലപ്പുഴ ജില്ല
6	348/7A	പുരയിടം	00.0168	"	"	സബിൻ വിശ്വനാഥ്, S/o വിശ്വനാഥൻ, കൈലാസം വീട്, യൂണിവേഴ്സിറ്റി, പുലിമുഗൾ റോഡ്, തൃക്കാക്കര
7	348/8–4 348/9	പുരയിടം	00.0023	"	"	റോജി, S/o ആൻറണി, കല്ലൂര് വീട്, വള്ളുവള്ളിക്കര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8	348/8, 11, 12, 13	പുരയിടം	00.0010	"	"	കുഞ്ഞച്ചൻ, S/o ജോസഫ്, കല്ലൂര് വീട്, വള്ളുവള്ളിക്കര
9	348/13-8, 12-1-2, 11-10	തരം മാറ്റിയ പുരയിടം	00.0098	"	"	ഡിനു, S/o ടെല്ലസ്, കല്ലൂര് വീട്, വള്ളുവള്ളിക്കര
10	348/11, 12-1, 13	നിലം	00.0110	"	"	സൈനുദ്ദീൻ കെ.എ., S/o അടിമകുട്ടി, കുറുപ്പംവീട്ടിൽ, III/492A, ജേർണലിസ്റ്റ് നഗർ, ചെറുമറ്റപ്പുഴ, വാഴക്കാല വില്ലേജ്.
11	348/11 (part)	നിലം	0.0141	"	"	കെ.എം. ക്ലീറ്റസ് മുതൽപേർ, കല്ലൂര് വീട്, എടപ്പള്ളി
12	348/15	പുരയിടം	00.0005	"	"	മേരിക്കുട്ടി ജോസഫ്, കല്ലൂര്, വള്ളുവള്ളിക്കര
13	158/5 (part)	നിലം	00.0008	"	"	രതീഷ് ആൻറണി മുതൽ പേർ,കല്ലൂര് വീട്
14	158/5A	നിലം	00.0041	"	"	ഷീബ മൈക്കിൾ മുതൽ പേർ, കല്ലൂര് വീട്
15	158/5A-9, 5B-6	പുരയിടം	00.0037	"	"	റീത്ത, W/o ജോസഫ് മുതൽപേർ, ചാണേപ്പറമ്പിൽ, കോട്ടുവള്ളിക്കര
16	158/5A-4-3, 3-3, 5A-4	നിലം	00.0086	"	"	ജെയ് മോൻ, S/o ദേവസി, കല്ലൂര് വീട്ടിൽ, കോട്ടുവള്ളിക്കര
17	158/5-A-13, 158/3-6	പുരയിടം	00.0073	"	"	ജിത്ത് സെബാസ്റ്റ്യൻ, S/o സെബാസ്റ്റ്യൻ, പാലയ്ക്കത്തറ, ഞാലകം കര, തൃക്കാക്കര നോർത്ത് വില്ലേജ്
18	329/1A-84	നിലം	00.0004	"	"	ജെറോം ജോസഫ്, മുട്ടങ്കൽ വീട്, കോട്ടുവള്ളി
19	158/6A-2, 6A-6, 6B-5	നിലം	00.0077	"	"	ലിൻഡ ജോസഫ്, D/o ജോസഫ്, കല്ലൂര് വീട്, നീറിക്കോട് കൊടുവഴങ്ങ
20	158/6B-4	നിലം	00.0071	"	"	സേവ്യർ, S/o ഐപ്പ്, കല്ലൂര് വീട്, കോട്ടുവള്ളി
21	158/6B-2	നിലം	00.0038	"	"	ബിജോയ്, S/o ജോസഫ്, പള്ളിപ്പാട്ട് വീട്, വെൺമണി കുടത്തൊട്ടി-685582
22	158/6 (part)	നിലം	00.0102	"	"	കെ.പി. ജോയി, S/o ദേവസി, കളത്തിപറമ്പിൽ വീട്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						കോട്ടുവള്ളി
23	158/6 (part)	നിലം	0.0023	"	"	റോസി, W/o ഗിരി (Late), കളത്തിപറമ്പിൽ വീട്, കോട്ടുവള്ളി
ആകെ വിസ്തീർണം : 0.1341 ഹെക്ടർ						

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം

RFCT LARR ACT 2013 സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി ഭാരതമാത കോളജ്, തൃക്കാക്കരയെ SIA യൂണീറ്റായി നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത വിജ്ഞാപനം 27/02/2023 തീയതിയിലെ വാല്യം 12, 701 നമ്പർ അസാധാരണ ഗസറ്റിലും LARR ACT സെക്ഷൻ 4(2) നിഷ്കർഷിക്കുന്ന സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി യൂണിറ്റ് ടി പദ്ധതിയുടെ കരട് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്തിമ റിപ്പോർട്ട് അവലോകനം ചെയ്യുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും, ശ്രീമതി മീന കുരുവിളയെ (സാമൂഹ്യ ശാസ്ത്രജ്ഞ) ടി സമിതിയുടെ ചെയർപേഴ്സൺ ആയി നിയമിച്ച ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ വിട്ടു പോയ സർവ്വേ നമ്പർ ഉൾപ്പെടുത്തി പഠന റിപ്പോർട്ട് പുതുക്കി വാങ്ങി വിദഗ്ധ സമിതി കൂടുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25.11.2024-ലെ REV-V3/128/2021-REV നമ്പർ കത്തിലെ നിർദ്ദേശം അനുസരിച്ച് വീണ്ടും ശ്രീമതി. മീന കുരുവിളയുടെ അദ്ധ്യക്ഷതയിൽ 21/02/2025 ന വിദഗ്ധ സമിതി അവലാകനയോഗം ചേരുകയും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

2001 ൽ പണി കഴിപ്പിച്ച പാലത്തിനു ഓഗസ്റ്റ് 2018 ലെ പ്രളയത്തെ തുടർന്ന് കേടുപാട് സംഭവിക്കുകയും ഈ പാലത്തിന്റെ തൂണുകൾ ഒഴുകി പോകുകയും ചെയ്തു. ആയതിനാൽ പാലം ഗതാഗതത്തിനു അനുയോജ്യമല്ലാതാകുകയും ചെയ്തു. ടി പാലവും അപ്രോച്ച് റോഡും പുനർ നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. നിർദ്ദിഷ്ട പദ്ധതി RFCT LARR ACT 2013 വകുപ്പ് 2(1) b പ്രകാരം പൊതു ആവശ്യത്തിൽ ഉൾപ്പെടുന്നു എന്ന് യോഗം വിലയിരുത്തി. പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്ന് വിദഗ്ധ സംഘം വിലയിരുത്തി. നിർദ്ദിഷ്ട പദ്ധതിയെ ഭൂഉടമകളും, പ്രദേശ വാസികളും സ്വാഗതം ചെയ്യുന്നതായും എത്രയും വേഗം പാലത്തിന്റെ പണി പൂർത്തീകരിച്ച് ജനങ്ങളുടെ ഗതാഗത സൌകര്യം മെച്ചപ്പെടുത്തേണ്ടതുമാണെന്നുള്ള തദ്ദേശ വാസികളുടെ ആവശ്യം വിദഗ്ധ സമിതി വിലയിരുത്തി. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി RFCT LARR ACT 2013 നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് വിദഗ്ധ സംഘം വിലയിരുത്തിയിട്ടുള്ളതാണ് .

കോട്ടുവള്ളി-ചെമ്മായം പാലം അപ്രോച്ച് റോഡ് പുനർനിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ഭൂവുടമകൾക്കും ജീവനോപാധി നഷ്ടപ്പെടുന്നവർക്കും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം RFCT LARR ACT 2013 നിയമത്തിന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23/09/2015 തീയതിയിലെ ഉത്തരവ് നമ്പർ GO(MS) No. 485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ GO(MS) No. 448/2015/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകി എറണാകുളം ജില്ലയിൽ കോട്ടുവള്ളി - ചെമ്മായം പാലം അപ്രോച്ച് റോഡ് പുനർ നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്കായുള്ള അംഗീകാരം നൽകേണ്ടതാണെന്നു വിദഗ്ധ സമിതി വിലയിരുത്തി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി ആർക്കും തന്നേ എതിർപ്പുകൾ ഇല്ല എന്നും നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു. ടി പദ്ധതിക്കായുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കോട്ടുവള്ളി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 28.02 ആർ ഭൂമി RFCTLARR Act 2013 സെക്ഷൻ 8(1)(2) പ്രകാരം അംഗീകാരം നൽകി 27.02.2025-ാം തീയതിയിലെ DCEKM/6439/2021-C6 നമ്പർ നടപടിക്രമപ്രകാരം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിന്റെ പകർപ്പ്, സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻറ് അക്വിസിഷൻ ഓഫീസിറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും പകർപ്പ് ജില്ലാ കളക്ടറുടെ ഔദ്യോഗിക വൈബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടേറ്റ്, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം. III, കെ.ഐ.എ നെടുമ്പാശ്ശേരി എന്നീ ഓഫീസുകളിലും ലഭ്യമാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.22 01:48:16 +05:30